13547
28/12/20

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 13.07.2018 ൽ പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്നതും എന്നാൽ യഥാസമയം രേഖകൾ ഹാജരാക്കാതിരുന്നതുമായ 21 മത്സ്യബന്ധനയാനങ്ങൾക്ക് ആയത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

**സ.ഉ. (സാധാ) നം. 3895/2020 /റവ.** **തിരുവനന്തപുരം, തീയതി, 22.12.2020**

==========================================================================

പരാമർശം:- 1. സ.ഉ. (കൈ) നം.325/2018/റവ. തീയതി, 07.09.2018
2. സ.ഉ. (സാധാ) നം. 5315/2018/റവ. തീയതി, 27.12.2018.
3. മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 23.12.2019 ലെ 2807849/ബി3/19 നമ്പർ അനൗദ്യോഗിക കുറിപ്പ്.
4. മലപ്പുറം ജില്ലാ കളക്ടറുടെ 21.10.2020 ലെ DCMPM/1384/2020/G3 കത്ത്.

## <u>ഉത്തരവ്</u>

13.07.2018 ൽ പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധനയാനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും പ്രസ്തുത നാശനഷ്ടങ്ങൾ കൃത്യമായി കണക്കാക്കുന്നതിലേയ്ക്ക് ഒരു ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2,30,74,585/- രൂപ (രണ്ട് കോടി മുപ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

2. പ്രസ്തുത കടൽക്ഷോഭത്തിൽ ഉൾപ്പെട്ടതും എന്നാൽ യഥാസമയം രേഖകൾ ഹാജരാക്കാതിരുന്നതുമായ 21 മത്സ്യബന്ധനയാനങ്ങൾക്ക് കൂടി രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 30,42,589/- രൂപ (മുപ്പത് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം മത്സ്യബന്ധന തുറമുഖ വകുപ്പ് അഭ്യർത്ഥിക്കുകയും, പരാമർശം (4) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയും ഉണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കടൽക്ഷോഭത്തിൽ ഉൾപ്പെട്ടതും എന്നാൽ യഥാസമയം രേഖകൾ ഹാജരാക്കാതിരുന്നതുമായ 21 മത്സ്യബന്ധനയാനങ്ങൾക്ക് കൂടി രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 30,42,589/- രൂപ (മുപ്പത് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായിവരുന്ന **30,42,589/- രൂപ (മുപ്പത് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.ടി.കെ**

**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, മലപ്പുറം
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് (2807849/ബി3/19 തീയതി, 23.12.2019 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

T. [signature]

സെക്ഷൻ ഓഫീസർ.